**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4835** **11-08-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് വകുപ്പിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് വകുപ്പിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | എ) സംസ്ഥാന പോലീസ് സേനയിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ, അവയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/മിന്നൽ പരിശോധന എന്നിവ നടത്തുന്നു. ഇവയിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്ക് എതിരെ സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ എന്നിവ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും, സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസുകൾ സ്വമേധയാ രജിസ്റ്റർ ചെയ്തും കുറ്റക്കാരായ ഉദ്യോഗസ്ഥരെ വെളിച്ചത്ത് കൊണ്ടുവരുന്നു. പോലീസ് സേനയിലെ ക്രമക്കേടുകൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ തണ്ടർ' എന്ന പേരിൽ പോലീസ് സ്റ്റേഷനുകളിൽ മിന്നൽ പരിശോധന നടത്തുകയും കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, വകുപ്പുതല അച്ചടക്ക നടപടി, സ്ഥലം മാറ്റം തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ദേശീയപാതകളിൽ നൈറ്റ് പട്രോളിംഗിനിടെയുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽ പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി ഹൈവേ പോലീസ് വാഹനങ്ങളിൽ മിന്നൽ പരിശോധന നടത്തുകയും കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ |

| | | | |
|---|---|---|---|
| | | | സസ്പെൻഷൻ, വകുപ്പുതല അച്ചടക്ക നടപടി, സ്ഥലം മാറ്റം തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (ബി) | നിലവിൽ എത്ര പോലീസ് ഉദ്യോഗസ്ഥരാണ് കൈക്കൂലി/അഴിമതി കേസുകളിൽപെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കൈക്കൂലി, അഴിമതി എന്നീ ആരോപണങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകളിൽ നിലവിൽ 19 (പത്തൊൻപത്) പോലീസ് ഉദ്യോഗസ്ഥർ അന്വേഷണം നേരിടുന്നുണ്ട്. 26(ഇരുപത്തി ആറ്) പോലീസ് ഉദ്യോഗസ്ഥർ ബഹു.വിജിലൻസ് കോടതി മുമ്പാകെ വിചാരണ നേരിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ